അവിടത്തെ പ്രശ്നമൊക്കെ പരിഹരിക്കപ്പെടുന്നുണ്ട്. അതൊക്കെ വലിയ ബഹളമില്ലാതെ നടക്കുന്നുണ്ട്. അവിടത്തെ പല ആളുകൾക്കും ജോലി ചെയ്യാൻ വയ്യ. എല്ലാപേർക്കും അദർ ഡ്യൂട്ടിയാണ് വേണ്ടത്. ഈമാതിരി കാര്യങ്ങളിൽ വളരെ അയഞ്ഞ സമീപനമാണ് സ്വീകരിക്കുന്നത്. കഴിയുന്നിടത്തോളം അത് ചെയ്യാൻ ശ്രമിക്കുകയും ചെയ്യാം. അത് എങ്ങനെ റ്റെ-ഓവർ ചെയ്യാൻ കഴിയുമെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. മുസ്തഫ പറഞ്ഞ രീതിയിൽ ജോലിയിലിരിക്കെ അപകടം ഉണ്ടാകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബം അനാഥമാകാതിരിക്കാൻ കഴിയുന്ന കാര്യങ്ങളൊക്കെ ഇപ്പോഴും ചെയ്യുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വ്യക്തിപരമായി എഴുതിത്തന്നാൽ പരിശോധിക്കാം.

പ്രൊഫ. എ. ഡി. മുസ്തഫ : തസ്തിക മാറ്റാൻ പ്രയാസമുണ്ടെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന നിലയിൽ മറ്റ് ജോലി നൽകി സഹായിക്കാൻ പറ്റുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതൊക്കെ പറഞ്ഞല്ലോ. വർക്കിംഗ് അറേഞ്ച്മെന്റ് സിൽ ഒരാളെ വച്ചാൽ സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽ നിന്ന് ആളെ എടുക്കാൻ പറ്റാതെ വരും. അങ്ങനെ വന്നാൽ കെ.എസ്.ആർ.ടി.സി.യിൽ പ്യൂൺ തസ്തികയിലേക്ക്.....ആ തസ്തികയാണല്ലോ എല്ലാപേർക്കും വേണ്ടത്. കാരണം വേറെ ജോലിയൊന്നുമില്ലല്ലോ—പ്യൂൺ തസ്തികയിലേയ്ക്ക് ഒരിക്കലും പി.എസ്.സി. റിക്രൂട്ട്മെന്റ് നടക്കുകയേയില്ല.

III സബ്മിഷൻ

(1) ജൂവനൈൽ ഹോമുകളുടെ പ്രവർത്തനം

ശ്രീ. എം. വി. ജയരാജൻ : സർ, കേരളത്തിലെ ജൂവനൈൽ ഹോമുകളിലെ കാലികമായ പ്രശ്നങ്ങളാണ് സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ജൂവനൈൽ ഹോമിൽ എത്തുന്ന ഭൂരിപക്ഷം കുട്ടികളും കുറ്റവാളികളല്ല. പല കുട്ടികളും അനാഥരാണ്. സമ്പന്ന വീടുകളിലെ പീഡനം സഹിക്കവയ്യാതെയാണ് പല കുട്ടികളും വന്നിട്ടുള്ളത്. ഇങ്ങനെ എത്തുന്ന കുട്ടികളാണ് ഏറെപ്പേരും. കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, കലാകായിക മേഖലയിലെ അവരുടെ അഭിരുചി ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് വളർത്തിക്കൊണ്ടുപോയാൽ മാത്രമേ അവരെ മാനസികമായി മാറ്റാൻ കഴിയൂ. എല്ലാപേരും കുറ്റവാളികളല്ല. അവർക്ക് ആവശ്യമായിട്ടുള്ള വസ്ത്രമില്ല, ചെരുപ്പ് ഇല്ല. ആവശ്യമായ ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ പല സ്ഥലങ്ങളിലുമില്ല. സാമൂഹ്യമായ ഒറ്റപ്പെടലാണ് ഇങ്ങനെയൊരു മാനസികമായിട്ടുള്ള പിരിമുറുക്കം അവരിൽ സൃഷ്ടിക്കുന്നത്. ഇവിടെനിന്നും പുറത്തുവരുന്നവർ കുറ്റവാളികളാകും വിധത്തിലാണ് ഇപ്പോഴത്തെ സ്ഥിതിഗതികൾ. സ്ഥിരമായി ജീവനക്കാരില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, കേരള കലാമണ്ഡലം, സ്കൂൾ ഓഫ് ഫൈൻ ആർട്സ്, സ്കൂൾ ഓഫ് ഡ്രാമ, വാസ്തുശില്പ കലാപരിശീലന കേന്ദ്രം, ഉണ്ണായിവാര്യർ കേന്ദ്രം, സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ എന്നീ കലാ സാംസ്കാരിക കായിക കേന്ദ്രങ്ങളുമായി ഈ ജൂവനൈൽ ഹോമുകളെ ബന്ധിപ്പിക്കണം എന്നാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കുവേണ്ടി ഗവൺമെൻറ് ഇതിന്റെ പ്രവർത്തനങ്ങളെ കുറച്ചുകൂടി മാനുഷിക രീതിയിലേയ്ക്ക് മാറ്റണം. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, സംസ്ഥാനത്ത് അഞ്ച് ജില്ലകളിലായി ആറു ജൂവനൈൽ ഹോമുകളാണ് പ്രവർത്തിക്കുന്നത്. അതിൽ ഒന്ന് പെൺകുട്ടികൾക്കു മാത്രമുള്ളതാണ്. അന്തേവാസികളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനും മറ്റ് കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനുമൊക്കെ എല്ലാ സൗകര്യവും പരിപാടികളും ഉണ്ട്. അവയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പോരായ്മകളുണ്ടെങ്കിൽ ശ്രദ്ധിക്കാം. വളരെ കഴിവുള്ള കുട്ടികളെ പ്രത്യേകമായി കലാ-കായിക സ്ഥാപനങ്ങളിൽ അയയ്ക്കുവാനും അവർക്ക് പ്രോൽസാഹനം കൊടുക്കുവാനും നിലവിൽ സംവിധാനങ്ങളുണ്ട്. ഇവ മെച്ചപ്പെടുത്താൻവേണ്ടി ചില നിർദ്ദേശങ്ങൾ ഇടക്കാലത്ത് വന്നിട്ടുണ്ട്. അവ വേഗം ഇംപ്ലിമെന്റ് ചെയ്യണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കുട്ടികളെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും റെക്കമെന്റേഷൻ നടത്തുന്നതിനും അവരെ നോക്കുന്നതിനുമൊക്കെ ജൂവനൈൽ ഹോമുകളിൽ ബാലസഭകൾ രൂപീകരിക്കുകയാണ്. അക്കാര്യത്തിൽ ഉടൻതന്നെ ഗവൺമെന്റ് തീരുമാനമെടുക്കും. ജൂവനൈൽ ജസ്റ്റീസ് ആക്ടിന്റെ റൂൾസ് ഇതുവരെയായിട്ടില്ല. അത് ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്കുവരും. അത്തരം കാര്യങ്ങൾ ഉടൻതന്നെ തീരുമാനിച്ച് ഇതിന്റെ എഫിഷ്യൻസി കൂട്ടാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(2) വികലാംഗർക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ : സർ, വികലാംഗർക്ക് നിയമപ്രകാരം കിട്ടേണ്ട മൂന്ന് ശതമാനം സംവരണംപോലും കിട്ടുന്നില്ല. ഈകൽ ഓപ്പർച്ച്യൂണിറ്റീസ് ആക്ട് സെക്ഷൻ 33 പ്രകാരം കിട്ടേണ്ട ഉദ്യോഗം കിട്ടുന്നില്ല. ധാരാളം പ്രാവശ്യം ഇക്കാര്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇവർ പാവങ്ങളാണ്. ഇവരെ ആരാണ് നോക്കാനുള്ളത് ? ഇവർക്കായുള്ള ആറ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. സ്ഥിതി പരമദയനീയമാണ്. നോക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. എംപ്ലോയ്മെന്റിൽ വലിയകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് ഈ ആക്ട് വന്നതോടുകൂടി എല്ലാ സ്ഥാപനങ്ങളിലും അവർക്കുവേണ്ടി ഇയർമാർക്ക് ചെയ്തിട്ടുള്ള ജോലിയിൽ കാര്യമായ ശ്രദ്ധ ചെലുത്തേണ്ടത് ഈ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങൾക്കുതന്നെ സത്യത്തിൽ വികലാംഗ സ്വഭാവമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വളരെ താല്പര്യമെടുക്കുന്ന ആളാണ്. ഇവരുടെ കാര്യത്തിന് പ്രയോറിറ്റി കൊടുക്കുവാൻ ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കാൾ ഈ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കാര്യക്ഷമമാക്കണം. അതിലുള്ള പോരായ്മകൾ പരിശോധിച്ച് ഉടൻതന്നെ അവയ്ക്ക് പരിഹാരമുണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly